**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2548** **13-09-2023 - ൽ മറുപടിയ്ക്ക്**

**എക്സൈസ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പി.എസ്.സി. കാറ്റഗറി നം.497/2019 പ്രകാരം എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നടന്ന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | പി.എസ്.സി കാറ്റഗറി നം.497/2019 പ്രകാരമുള്ള എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ കായികക്ഷമതാ പരീക്ഷയ്ക്ക് ശേഷമുള്ള ചുരുക്കപ്പട്ടിക 31.07.2023 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകരുടെ സൂക്ഷ്മ പരിശോധന നടന്നു വരുന്നു. ഇന്റർവ്യൂവിനു ശേഷം താമസംവിനാ റാങ്ക് പട്ടിക കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) | എക്സൈസ് വകുപ്പിൽ സ്ട്രെങ്ത്ത് പുതുക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | നികുതി വകുപ്പിന്റെ 03.10.2017-ലെ 85/2017-ാം നമ്പർ ഉത്തരവിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ 15% ഒഴിവുകൾ വനിതകൾക്ക് നീക്കിവെയ്ക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. 03.10.2017 ലെ സ.ഉ(കൈ) 85/17/നി.വ പ്രകാരം എക്സൈസ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനത്തിലെ 15% ഒഴിവുകൾ വനിതകൾക്കുവേണ്ടി നീക്കി വച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | മേൽപറഞ്ഞ 15% ഒഴിവുകൾ ഇൻസ്പെക്ടർ റാങ്കിലേക്കുള്ള പ്രൊമോഷൻ തസ്തികകൾക്കും ബാധകമാകുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ബാധകമാകുന്നില്ല. നേരിട്ടുള്ള നിയമനത്തിന് മാത്രമാണ് ആയത് ബാധകമാകുന്നത്. |

സെക്ഷൻ ഓഫീസർ